LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷനിൽ സ്വീപ്പർ തസ്തികയിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യത നല്ല ആരോഗ്യം ഉണ്ടായിരിക്കണമെന്നും എസ്.എസ്.എൽ.സി.-യോ തത്തുല്യ പരീക്ഷയോ പാസ്സാകാൻ പാടില്ല എന്നതുമാണ്. പൂണ് തസ്തികയ്ക്ക് എട്ടാംതരം പാസ്സായിരിക്കണം, സൈക്കിൾ സവാരി അറിഞ്ഞിരിക്കണം എന്നതുമാണ്.

(ബി) കേപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ മേയ് 2011-ന് ശേഷം സ്വീപ്പർ തസ്തികയിൽ 18 പേർക്കും പൂണ് തസ്തികയിൽ 9 പേർക്കും നിയമനം നൽകിയിട്ടുണ്ട്. സ്വീപ്പർ-കം-പൂണ് തസ്തികയിൽ ആർക്കും നിയമനം നൽകിയിട്ടില്ല.

(സി) 2011 മേയ് മുതൽ 2014 ജൂലൈ വരെയുള്ള കാലഘട്ടത്തിൽ ഒരു പാർട്ട്ടൈം സ്വീപ്പർ തസ്തികയിൽ ശ്രീമതി സി. എസ്. സിന്ധുവിനെ വിധവ എന്ന പരിഗണന നൽകിയും ടിയാളുടെ ദയനീയാവസ്ഥ കണക്കിലെടുത്തും സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്ഥിര നിയമനം നൽകിയിട്ടുണ്ട്.

(ഡി) കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷനിൽ 350 അസിസ്റ്റന്റ് പ്രൊഫസർമാരുടെ സ്ഥിരം തസ്തികകളുണ്ട്. കേപ്പിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാന പ്രകാരം അസോസിയേറ്റ് പ്രൊഫസർ തസ്തികയിലേക്ക് നിയമിച്ച 5 പേർ ഉൾപ്പെടെ 355 അസിസ്റ്റന്റ് പ്രൊഫസർമാർ 2015 മേയ് മാസത്തിൽ കേപ്പിന്റെ വിവിധ കോളേജുകളിൽ സേവനത്തിലുണ്ടായിരുന്നു.

ത്രിവേണി സ്റ്റോറുകൾ

137 (522) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര ത്രിവേണി സ്റ്റോറുകൾ പൂട്ടിയെന്നറിയിക്കാമോ; അവ എവിടെയൊക്കെയാണ്; ഇവിടെ ജോലി ചെയ്തുകൊണ്ടിരുന്ന ജീവനക്കാരുടെയും താത്ക്കാലിക ജീവനക്കാരുടെയും സേവന വേതനം സംരക്ഷിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് 25 ത്രിവേണി സൂപ്പർ മാർക്കറ്റുകൾ നിർത്തലാക്കിയിട്ടുണ്ട്. ടി സ്റ്റോറുകൾ സംബന്ധിച്ച ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

തിരുവനന്തപുരം ജില്ല :

1. പാറശ്ശാല
2. ബാലരാമപുരം
3. ശ്രീകാര്യം
4. പാങ്ങോട്

കൊല്ലം ജില്ല:

1. പൂയപ്പള്ളി
2. കരുനാഗപ്പള്ളി
3. പരവൂർ
4. ഇരവിപുരം
5. മുളങ്കാടകം

പത്തനംതിട്ട ജില്ല :

ഏനാത്ത്

ആലപ്പുഴ ജില്ല :

കാഞ്ഞിരത്തിൻമൂട്

കോട്ടയം ജില്ല :

വള്ളിച്ചിറ

എറണാകുളം ജില്ല :

1. പെരുമ്പാവൂർ
2. കോതമംഗലം
3. തോപ്പുംപടി
4. പുത്തൻവേലിക്കര
5. വെണ്ണല
6. കളമശ്ശേരി

LIBRARY ARCHIVES Kerala Legislative Assembly

തൃശ്ശൂർ ജില്ല

1. ചാലക്കുടി

2. അടിച്ചിൻ

കോഴിക്കോട് ജില്ല

1. കാരശ്ശേരി

2. വാലാട്

3. മണാശ്ശേരി

4. പന്നൂമുക്ക്

5. മുതലക്കുളം കോസ്മെറ്റിക്സ്

പ്രസ്തുത സ്ഥാപനങ്ങളിൽ ജോലി ചെയ്തിരുന്ന ജീവനക്കാരെയും താല്ക്കാലിക ജീവനക്കാരെയും കൺസ്യൂമർഫെഡിന്റെ മറ്റ് യൂണിറ്റുകളിൽ പുനർവിന്യസിച്ച് അവരുടെ സേവന വേതനം സംരക്ഷിച്ചിട്ടുണ്ട്.

സുവർണ്ണകേരളം പദ്ധതി

138 (523) ശ്രീ. എം. പി. വിൻസെന്റ്:
ശ്രീ. എം. എ. വാഹീദ്:
ശ്രീ. ലൂഡി ലൂയിസ്:
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സഹകരണമേഖലയിൽ സുവർണ്ണ കേരളം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) നടപ്പാക്കിയിട്ടുണ്ട്.

(ബി) നൂതനവും ആരോഗ്യകരവുമായ കൃഷിരീതികൾ ഉപയോഗപ്പെടുത്തി സഹകരണ സംഘങ്ങളിലൂടെ കേരളത്തിലെ എല്ലാ വീടുകളിലും പച്ചക്കറി പ്രോത്സാഹിപ്പിക്കുക, സുരക്ഷിതമായ ഭക്ഷണം എന്ന പൊതു ആവശ്യം ജനകീയ പങ്കാളിത്തത്തോടുകൂടി കേരളത്തിലെ സഹകരണ മേഖല മുഖേന നടപ്പാക്കുക എന്നിവയാണ് സുവർണ്ണകേരളം പദ്ധതിവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്. വിഷമില്ലാത്ത പച്ചക്കറി കൃഷി ചെയ്യുന്നതിന്റെ ആവശ്യകത സംബന്ധിച്ച് ജനങ്ങൾക്കിടയിൽ ബോധവത്ക്കരണവും നടത്തിവരുന്നുണ്ട്.